MR. P. T. CHACKO (*Kottayam II—General*) : ഇവിടെ ചില സാങ്കേതികതടസ്സങ്ങൾ എന്നു പറഞ്ഞല്ലോ ? ആ സാങ്കേതിക തടസ്സങ്ങളുടെ ഏകദേശരൂപമെങ്കിലും നൽകാമോ ?

HON'BLE MR. A. ATCHUTHAN : ആ തടസ്സങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞു. അതായതു, ലൈസൻസി ക്ക് ഈ പ്രകാലത്തിനകം ജോലിചെയ്യുതീർക്കാഞ്ഞതിനാൽ ലൈസൻസ് ക്യാൻസൽചെയ്തു. അതിനാൽ ആ ലൈസൻസി ഗവണ്മെൻറിലേക്കു റിവിഷൻ കൊടുത്തു. അതനുസരിച്ച് ഗവണ്മെൻറ് സ്റ്റേ ഓർഡർ കൊടുത്തു. അപ്പോൾ മേൽനടപടി നടത്താൻ വേണ്ടിയാണ് സ്റ്റേ ചെയ്തത്.

മുട്ടത്തുകടവിൽ ഒരു പാലം പണിയിക്കേണ്ട ആവശ്യം.

75. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

ആവണീശ്വരം-പത്തനാപുരം റോഡിൽ മുട്ടത്തുകടവിൽ ഒരു പാലം ഇല്ലാത്തതുമൂലം സ്ഥലവാസികൾ അനുഭവിക്കുന്ന ദുസ്സഹമായ വൈഷമ്യങ്ങളെപ്പറ്റി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയെന്ന് പ്രസ്താവിക്കാമോ ?

HON'BLE MR. A. ATCHUTHAN : കഴിഞ്ഞ മാർച്ച് കൊല്ലത്തിനിപ്പുറം യാതൊരു നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടില്ല.

മുനിസിപ്പാലിറ്റിക്കു കൊടുത്ത സഹായധനം.

76. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഇവിടത്തെ മുനിസിപ്പാലിറ്റികൾക്ക് ഗവണ്മെൻറ് എന്തെങ്കിലും ധനകര്യം കടമായി നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം മുനിസിപ്പാലിറ്റികൾക്ക്, എത്ര തുകകൾ, എന്നാവശ്യത്തിനെന്നു പ്രസ്താവിക്കുമോ?

HON'BLE MR G. RAMACHANDRAN : ഉണ്ട്. നാഗർകോവിൽ, വൈയ്ക്കം, ആലപ്പുഴ, ചെങ്കോട്ട ഈ മുനിസിപ്പാലിറ്റികൾക്കാണ്. ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

* Vide Appendix C.

LIBRARY ARCHIVES Kerala Legislative Assembly

MR. MOHAMMED MUSTAFA : ഈ കൊടുക്കുന്ന തുകകൾ എന്തൊക്കെ ആവശ്യത്തിനു വിനിയോഗിക്കുന്നു എന്നു ഗവണ്മെൻറ് അന്വേഷിക്കാറുണ്ടോ?

HON'BLE MR. G. RAMACHANDRAN: ഉണ്ട്. എന്തു കാരണങ്ങൾക്കൊക്കെ വിനിയോഗിക്കുന്നതു് എന്നു സ്റ്റേറ്റുമെൻറിൽ ഉണ്ടു്.

പ്രീ യൂണിവേഴ്സിറ്റി.

77. MR. V. MADHAVAN (*Vaikam II—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി മറുപടി പറയുമോ?

(എ) ഈ കഴിഞ്ഞ സ്കൂൾവർഷത്തിൽ ഏതെല്ലാം പ്രീയൂണിവേഴ്സിറ്റി സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളെ പ്രീയൂണിവേഴ്സിറ്റി പരീക്ഷയ്ക്കു് അയച്ചിരുന്നു?

(ബി) ഓരോ സ്കൂളുകളിലും ഉണ്ടായിരുന്ന വിദ്യാർത്ഥികളെത്ര?

(സി) അവരിൽ എത്രപേർ അവസാന പരീക്ഷയിൽ പാസ്സായി?

(ഡി) പ്രസ്തുത പരീക്ഷയിൽ പാസ്സായവരുടെ ശതമാനമെത്ര?

HON'BLE MR. T. M. VARGHESE : തിരുവനന്തപുരത്തെ പ്രീയൂണിവേഴ്സിറ്റി സ്കൂളും ചങ്ങനാശേരിയിലെ പ്രീയൂണിവേഴ്സിറ്റിസ്കൂളും. ഈ രണ്ടു സ്കൂളുകളിൽ നിന്നുമാണു് വിദ്യാർത്ഥികളെ പരീക്ഷയ്ക്കു് അയച്ചതു്. തിരുവനന്തപുരത്തെ പ്രീയൂണിവേഴ്സിറ്റിയിൽ നിന്നും നൂറ്റമ്പതു വിദ്യാർത്ഥികളെ പരീക്ഷയ്ക്കു് അയച്ചു. അതിൽ എൺപതു വിദ്യാർത്ഥികളും പാസ്സായി. ചങ്ങനാശേരി പ്രീയൂണിവേഴ്സിറ്റിയിൽ നിന്നും നൂറു വിദ്യാർത്ഥികളെ പരീക്ഷയ്ക്കു് അയച്ചതിൽ അറുപതു പേർ പാസ്സായി. തിരുവനന്തപുരം പ്രീയൂണിവേഴ്സിറ്റിയിൽ എൺപതു ശതമാനവും ചങ്ങനാശേരിയിൽ നിന്നും അറുപതു ശതമാനം വിദ്യാർത്ഥികളും പാസ്സായിട്ടുണ്ടു്.

MR. V. MADHAVAN : മറ്റു പരീക്ഷകളുമായി നോക്കുമ്പോൾ ഈ പരീക്ഷയിൽ ജയിച്ചിട്ടുള്ളവരുടെ ശതമാനം കൂടുതലാണോ? കുറവാണോ?

HON'BLE MR. T. M. VARGHESE : കൂടുതലും ആകാം കുറവും ആകാം.

LIBRARY ARCHIVES Kerala Legislative Assembly

Appendix C.

Vide Answer to Question No. 76.

Government have sanctioned loans to the following Municipal Councils for the purposes noted against each.

Name of Municipality.	*Amount sanctioned.*	*Purpose for which it was granted.*
1. Nagercoil ...	Rs. 50,000 (at 3½ per cent. interest and repayable in 25 annual instalments.)	To pay off its prior liabilities and to have a sufficient working balance to carry on the routine work.
2. Vaikom ...	Rs. 5,000 (at 3½ per cent. interest and repayable in 10 annual instalments.) The amount has not yet been drawn.)	For the cost of acquisition of land for a Municipal park.
3. Half the capital outlay for water works in the following Municipalities ...		
(a) Alleppey ...	Rs. 5,80,168 (at 4½ per cent. interest repayable in 60 equated annual instalments.)	As per the agreement executed by the council on 13-10-1936.
(b) Nagercoil...	Rs. 11,76,283 (at 4½ per cent. interest repayable in 60 equated annual instalments.)	As per the agreement executed by the Council on 24-11-1936 and G. O. R. O. C. No. 9879/46/P. W. dated 21-6-1947.
(c) Shencottah.	Rs. 2,07,268 (at 4½ per cent. interest repayable in 60 equated annual instalments.)	G. O. R. O. C. No. 8176/44/P. W. dated 19-9-1946.

LIBRARY ARCHIVES Kerala Legislative Assembly